WEDNESDAY 02-02-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/02/2022

1. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, പായിപ്പാട്, തൃക്കൊടിത്താനം കൃഷിഭവൻ പരിധിയിൽ വരുന്ന കർഷകർക്ക് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെങ്ങിൻതോട്ടത്തിലെ ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾക്ക് പകരം ഉത്പാദനക്ഷമത കൂടിയ തെങ്ങിൻതൈകൾ ലഭിക്കുന്നതിനും ഇടവിള ചെയ്യുന്നതിനുള്ള (കിഴങ്ങുവിളകൾ, ഇഞ്ചി, മഞ്ഞൾ) വിത്തുകൾ ലഭിക്കുന്നതിനും **ഫെബ്രുവരി 8-നകം** അതത് കൃഷിഭവനുകളിൽ അപേക്ഷകൾ നൽകേണ്ടതാണ്. ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 1000 രൂപ സഹായം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടുക.

2. തെക്കൻ കേരളത്തിലെ നല്ലയിനം നാടൻ മാവുകളെക്കുറിച്ചുള്ള വിവരം, അവ നിൽക്കുന്ന പ്രദേശം/മേൽവിലാസം/ബന്ധപ്പെടേണ്ട ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ **9496366698, 9946867991** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് അറിയിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യണമെന്ന് വെള്ളായണി കാർഷിക കോളേജ് ഫ്രൂട്ട്സ് സയൻസ് വിഭാഗം മേധാവി അറിയിക്കുന്നു.

3. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കെപ്കോ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ **ഫെബ്രുവരി 05-ന്** മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000921** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. റബ്ബർപാൽ വിൽക്കുന്ന കർഷകർക്ക് പാലിന്റെ ഉണക്ക റബ്ബർതൂക്കം കണ്ടുപിടിക്കുന്നതിന് കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനായി റബ്ബർബോർഡ് അംഗീകാരമുള്ള ഡി.ആർ.സി. (ഡ്രൈ റബ്ബർ കണ്ടെന്റ്) നിർണ്ണയ പരിശോധനാശാലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. അതിനായി സ്വകാര്യമേഖലയിൽ നിലവിലുള്ള പരിശോധനാശാലകൾക്കും പുതുതായി തുടങ്ങുന്നവയ്ക്കും റബ്ബർബോർഡ് അംഗീകാരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകും. അംഗീകാരത്തിനായി അപേക്ഷ നൽകാൻ താൽപര്യമുള്ളവർക്ക് ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ബോർഡിന്റെ www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

5. ഐ.സി.എ.ആറിന്റെ കീഴിലുള്ള ദേശീയവിജ്ഞാന വ്യാപന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കന്യാകുമാരി ആസ്ഥാനമായ മാനേജിന്റെ (MANAGE) നോഡൽ ഏജൻസിയായ സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് 45 ദിവസത്തെ AC&ABC കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. +2, വി.എച്ച്.എസ്.സി യാണ് അടിസ്ഥാന യോഗ്യത. സയൻസ് ഗ്രൂപ്പുകാർ, അഗ്രിക്കൾച്ചർ, ബയോളജി, ഡിഗ്രി, ഡിപ്ലോമയുള്ളവർക്ക് മുൻഗണന. അപേക്ഷാ തീയതി ഒന്നാം ബാച്ച് ഫെബ്രുവരി 22, രണ്ടാം ബാച്ച് ഏപ്രിൽ 15. കൂടുതൽ വിവരങ്ങൾക്ക് **9387212005, 944397588** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. അപേക്ഷ അയയ്ക്കേണ്ട വിലാസം സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ്, കോട്ടക്കാരൈ റോഡ്, കന്യാകുമാരി-629702.

6. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലക്ക കീഴിൽ പൂക്കോട് പ്രവർത്തിച്ചു വരുന്ന മൃഗചികിത്സാ പഠന സമുച്ചയത്തിൽ കർഷകമിത്ര മെഡിക്കൽ സ്റ്റോർ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. മൃഗചികിത്സക്കാവശ്യമായ എല്ലാവിധ മരുന്നുകളും, അനുബന്ധവസ്തുക്കളും മിതമായനിരക്കിൽ ലഭ്യമാക്കുക എന്നലക്ഷ്യത്തോടെയാണ് മെഡിക്കൽ സ്റ്റോർ ആരംഭിച്ചിരിക്കുന്നത്. ആശുപത്രി പ്രവർത്തന സമയങ്ങളിൽ മെഡിക്കൽ സ്റ്റോർ സേവനം ലഭ്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **9447153448** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ഫെബ്രുവരി 02 ന്) രാവിലെ 11 മണി മുതൽ **മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. ഗൂഗിൾമീറ്റ് വഴി പരിശീലനപരിപാടിയിൽ പങ്കെടുക്കാനായി iff-xwbj-kqe എന്ന കോഡുപയോഗിക്കുക. കൂടുതൽ വിവരങ്ങൾക്ക് **0481 – 2302223, 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ **മാസം 3-ന് കാടവളർത്തൽ, 07-ന് പോത്ത് വളർത്തൽ, 9,10 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 14,15 തീയതികളിൽ പശുവളർത്തൽ, 17,18 തീയതികളിൽ പന്നിവളർത്തൽ, 22,23 തീയതികളിൽ മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ നാളെയും മറ്റെന്നാളുമായി (ഫെബ്രുവരി 03, 04) തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. കാബേജിൽ **ഡയമണ്ട് ബാക്മോത്തി**ന്റെ ആക്രമണം കണ്ടുവരുന്നു. ഇവയുടെ പുഴുക്കൾ ഇലകളുടെ ഉപരിതലം കാർന്നു തിന്നുന്നതിന്റെ ഫലമായി ഇലകളിൽ വെളുത്ത പാടുകൾ വീഴുന്നു. കടുത്ത കീടബാധയുള്ള അവസ്ഥയിർ ഇവ പൂർണമായും ഇലകൾ തിന്നു നശിപ്പിക്കുന്നു. രോഗത്തിന്റെ തുടക്കത്തിൽ തന്നെ **ബ്യൂവേറിയ ബാസ്സിയാന** 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വൈകുന്നേരങ്ങളിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ബാസില്ലസിന്റെ ഫോർമുലേഷനുകൾ നിർദ്ദേശിച്ചിട്ടുളള തോത് പ്രകാരം തളിച്ചുകൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ **ഫെയിം** 1.5 മില്ലി 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ **കൊറാജെൻ** 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം